Nambudiri students in schools.

401. Mr. C. A. Kunjunni Raja.—Will the Government be pleased to state the names of the schools in the State where the Nambudiri boys are studying and the classes with the number in each class in which they are studying?

Rao Sahib Mr. C. Matthai.—Vide statement appended. (*Vide Appendix I.*)

Applications for assignment of Puduval lands.

402. മിസ്റ്റർ പി. സി. ചാഞ്ചൻ.—ഇപ്രാവശ്യം പുതുവൽ സ്ഥലങ്ങൾ പതിക്കുന്നതിനു അധഃകൃതരിൽനിന്നു് എത്ര ഹർജികൾ വന്നിട്ടുണ്ടു്; അതിൽ ഇതുവരെ എത്ര അപേക്ഷകന്മാർക്കു സ്ഥലം പതിച്ചു കൊടുത്തിട്ടുണ്ടു്; കൊടുത്തിട്ടുണ്ടെങ്കിൽ അതു് എവിടെയെല്ലാമാണെന്നു ദയവു പ്രകാശിപ്പിക്കാമോ?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—ഒരുനൂറ്റി നാലിലും ഒരുനൂറ്റി അഞ്ചിലും കൂടി ഏകദേശം ഹർജികൾ കിട്ടീട്ടുണ്ടു്.

ബാക്കി വിവരങ്ങൾ ഒന്നും തയ്യാറായിട്ടില്ല.

മിസ്റ്റർ പി. സി. ചാഞ്ചൻ.—അതുകൊടുത്ത ഏകദേശം ഹർജികളിൽ അപേക്ഷകർക്കെല്ലാം ഇതേവരെ പതിച്ചുകൊടുത്തിട്ടുണ്ടോ. ഒന്നും തയ്യാറായില്ലെ?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—ഇതേവരെ ആർക്കും ഒന്നും പതിച്ചുകൊടുത്തിട്ടില്ലെന്നു പറയുന്നില്ല. പ്രവൃത്തികൾ ധാരാളം നടക്കുന്നുണ്ടു്. നടന്നിട്ടും ഉണ്ടു്. വിവരങ്ങൾ മുഴുവനായില്ലെന്നേയുള്ളൂ.

മിസ്റ്റർ പി. സി. ചാഞ്ചൻ.—എവിടെയെല്ലാം കൊടുത്തിട്ടുണ്ടെന്നു പറയാമോ?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—മലയാറ്റൂർ, കുമാരനെല്ലൂർ, ലാലൂർ മുതലായ സ്ഥലങ്ങളിൽ പതിച്ചുകൊടുത്തിട്ടുണ്ടു്. പിന്നെ ദിവാൻ പേഷ്കാരും കൊടുക്കുന്നുണ്ടു്.

മിസ്റ്റർ പി. സി. ചാഞ്ചൻ. ഫാറം-ലും ഫാറം-ലും കിട്ടിയ എത്ര ഹർജികൾ നടത്തിയിട്ടുണ്ടെന്നു പറയാമോ?

റാവു സാഹിബ്ബു് മിസ്റ്റർ സി. മത്തായി.—ഞാറക്കൽ, നായരമ്പലം മുതലായ സ്ഥലങ്ങളിലൊക്കെ ജോലി നടത്തിയിട്ടുണ്ടു്. ഒരു മാസംകൊണ്ടു് അതു മുഴുവനാകും.

Paddy cultivation.

403. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ഉത്തരം പറയുവാൻ ദയവുണ്ടാകുമോ.—

(a) നെൽകൃഷിയിൽ വളരെ അധഃപതിച്ചു കിടക്കുന്ന കൊട്ടങ്ങല്ലൂരിലും പരിസരങ്ങളിലും അതിന്റെ അഭിവൃദ്ധിക്കായി ഗവൺമെണ്ടു വല്ലതും പ്രവർത്തിച്ചിട്ടുണ്ടൊ;

(b) പല്ലാവു്, തെക്കുംകര, പൊയ്യ വടമ, എന്നീ ഓരോ വില്ലേജിലും നെൽകൃഷി ചെയ്യുവരുന്ന എത്ര ഏക്കർ ഭൂമിയുണ്ടു്?

(c) പ്രസ്തുതസ്ഥലങ്ങളിൽ വർഷംപ്രതി വെള്ളപ്പൊക്കം നിമിത്തം കൃഷി നശിക്കുന്നതായും കാലാനുകൂലമല്ലാത്ത നിലയിൽ കൃഷിചെയ്യു കൃഷിക്കാർ കഷ്ടപ്പെടുന്നതായും ഗവൺമെണ്ടു അറിഞ്ഞിട്ടുണ്ടൊ;

(d) പ്രസ്തുത നിലങ്ങൾ ഇരിപ്പു കൃഷി ചെയ്യുവാൻ ഉപകരിക്കത്തക്കവണ്ണം വേണ്ട എടുപ്പാടുകൾ ചെയ്തുകൊടുക്കണമെന്നു ഗവൺമെണ്ടിനു വല്ല അപേക്ഷകളും കിട്ടീട്ടുണ്ടൊ;

LIBRARY ARCHIVES Kerala Legislative Assembly

(e) ഉണ്ടെങ്കിൽ അതിനെക്കുറിച്ചു ഗവമ്മെണ്ടു് അന്വേഷണങ്ങൾ നടത്തിട്ടുണ്ടോ; തത്സംബന്ധമായി ഗവമ്മെണ്ടിന്റെ അഭിപ്രായവും തീരുമാനവും എന്താണു്;

(f) കരുപ്പടന്നയും, പല്ലുറുത്തിന്റെ വടക്കെ അറ്റവും, കൃഷ്ണൻകോട്ടയും, പല്ലുറുത്തിന്റെ തെക്കെ അറ്റവും തമ്മിൽ ചിറകെട്ടി ബന്ധിച്ചു് പഞ്ചകൃഷി ചെയ്യാവുന്ന വിധത്തിൽ പല്ലുറുത്തു്, പൊയ്യ മുതലായ വില്ലേജുകളിലെ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാൻ ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടോ;

(g) മേൽപ്രസ്താവിച്ച സ്കീം നടപ്പിൽ വന്നാൽ കൃഷിക്കാർക്കു കൂടുതൽ ആദായവും ഗവമ്മെണ്ടിനു ഇരിപ്പു നികുതിയും ലഭിക്കുന്നതാണെന്നു ഗവമ്മെണ്ടു ആലോചിച്ചിട്ടുണ്ടോ;

(h) ഈ സ്കീംമൂലം എത്ര ഏക്കർ ഭൂമി അഭിവൃദ്ധിപ്പെടുമെന്നും ഏതെല്ലാം വില്ലേജുകൾക്കു ഇതിന്റെ ഗുണം അനുഭവിപ്പാൻ കഴിയുമെന്നും വിശദമായി പറയുമോ;

(i) ഈ സ്കീം നടപ്പിൽ വരുന്നതിനു എന്തു ചിലവു വേണ്ടിവരും;

(j) ഈ സ്കീം നടപ്പിൽ വരുത്തുന്നപക്ഷം കൊടുങ്ങല്ലൂരും ഇതരദേശങ്ങളും തമ്മിൽ ബന്ധിക്കുവാനും ഗതാഗതസൌകര്യം വർദ്ധിപ്പിക്കുവാനും സാധിക്കുമെന്ന കാര്യവുംകൂടി ഗവമ്മെണ്ടു ആലോചിച്ചിട്ടുണ്ടോ;

(k) ഈ സ്കീം പ്രവൃത്തിയിൽ വന്നുകഴിഞ്ഞാൽ കൊടുങ്ങല്ലൂരിനും കൊച്ചിയിലെ പല വില്ലേജുകൾക്കും അഭിവൃദ്ധി ഉണ്ടാകുന്നതിനു പുറമെ തിരുവിതാംകൂറിലെ ചില വില്ലേജുകൾക്കുകൂടി ഇതിന്റെ ഫലം ആസ്വദിപ്പാൻ കഴിയുമെന്നു ഗവമ്മെണ്ടു ചിന്തിച്ചിട്ടുണ്ടോ;

(l) ഉണ്ടെങ്കിൽ ഈ വിഷയത്തിൽ തിരുവിതാംകൂർ ഗവമ്മെണ്ടു വല്ല സഹായവും തരുമോ എന്നു ആ ഗവമ്മെണ്ടിനോടു അന്വേഷിച്ചിട്ടുണ്ടോ;

മിസ്റ്റർ ടി. എം. കൃഷ്ണമേനോൻ.—(a) മറ്റു താലൂക്കുകളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ കൊടുങ്ങല്ലൂരിലും പരിസരങ്ങളിലും നെൽകൃഷിയെ സംബന്ധിച്ചേടത്തോളം അധഃപതിച്ചു കിടക്കുന്നതായി കാണുന്നില്ല.

(b) പല്ലുറുത്തു് ൧,൧൧൫.൯൩ ഏക്കർ.
തെക്കുംകര ൩൯൧.൧൨൪
പൊയ്യ ൩൯൯.൪൩
വടമ ൧,൦൪൨.൯൩

(c) ഇല്ല.

(d) ഇല്ല.

(e) (ഡി) എന്ന ചോദ്യത്തിന്റെ മറുപടികൊണ്ടു ഈ ചോദ്യത്തിനു മറുപടി ആവശ്യമില്ല.

(f) to (l). ഈ സംഗതിയെപ്പറ്റി ഗവമ്മെണ്ടിൽ നിന്നും അന്വേഷണം നടത്തിവരുന്നുണ്ടു്.

Public tanks, wells, &c., not open to all castes.

404. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) കൊടുങ്ങല്ലൂരിലും, എടവിലങ്ങു്, ചേന്ദമംഗലം എന്നീ വില്ലേജുകളിലും പൊതു മുതൽ കൊണ്ടു സംരക്ഷിച്ചുപോരുന്നതും എല്ലാ ജാതിക്കാർക്കും പ്രവേശനമില്ലാത്തതുമായ കുളങ്ങൾ, കിണറുകൾ, റോഡുകൾ, കെട്ടിടങ്ങൾ മുതലായവ എത്രയുണ്ടു്;

(b) അവ ഓരോന്നിലും പ്രവേശനം വിരോധിച്ചിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം?

രാമവർമ്മ തമ്പുരാൻ.—(a) ഒരു ലിസ്റ്റു് കൌൺസിൽ മേശപ്പുറത്തു വെച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly